# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2372 — 06.12.2018-ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷന്റെ ലാഭം

**ചോദ്യം**

ശ്രീ.പാറക്കൽ അബ്ദുല്ല

**ഉത്തരം**

ശ്രീ.ടി.പി.രാമകൃഷ്ണൻ

തൊഴിലും എക്സൈസും വകുപ്പമന്ത്രി

(എ) പ്രതിവർഷം 130 കോടിയോളം രൂപ ലാഭം കിട്ടിയിരുന്ന ബിവറേജസ് കോർപ്പറേഷന്റെ ലാഭം 35 കോടിയായി ചുരുങ്ങുകയുണ്ടായോ;എങ്കിൽ ലാഭത്തിൽ 116 കോടി രൂപയുടെ കുറവുണ്ടായതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

എ) 2013-14 സാമ്പത്തികവർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള കോർപ്പറേഷന്റെ ഇൻകം ടാക്സിന് ശേഷമുള്ള ലാഭത്തിന്റെയും സംസ്ഥാന ഖജനാവിൽ നികുതിയായും തീരുവയായും കോർപ്പറേഷൻ അടച്ചിട്ടുള്ള റവന്യൂ വിഹിതത്തിന്റെയും കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഇൻകം ടാക്സിന് ശേഷമുള്ള ലാഭം | സംസ്ഥാന ഖജനാവിൽ നികുതിയായും തീരുവയായും കോർപ്പറേഷൻ നൽകിയിട്ടുള്ള റവന്യൂ വിഹിതം |
|---|---|---|
| 2013-14 | Rs. 123.54 crores | Rs.7,576 crores |
| 2014-15 | Rs.151.06 crores | Rs.8,277 crores |
| 2015-16 | Rs.35.13 crores | Rs.9,787 crores |

2015-16-ലെ ലാഭം 2014-15നെ അപേക്ഷിച്ച് കുറവായതിന്റെ പ്രധാന കാരണം വിവിധ ഇനം ലൈസൻസ് ഫീ, ഗാലനേജ് ഫീ, വില്പന നികുതിയിന്മേലുള്ള സർചാർജ്ജ് മുതലായവ എക്സൈസ് ഡ്യൂട്ടിയിൽ ലയിപ്പിച്ച് എക്സൈസ് തീരുവ നിരക്കുകൾ വർദ്ധിപ്പിച്ചതിനാലാണ്. എന്നാൽ മേൽ വിവരിച്ച പട്ടികയിൽ നിന്നും സംസ്ഥാന സർക്കാരിന് നൽകിയ 2015-16 ലെ റവന്യൂ വിഹിതം 2014-15-നേക്കാൾ കൂടുതലാണെന്ന് കാണാവുന്നതാണ്. ഇത് വർഷം തോറും കൂടിക്കൊണ്ടിരിക്കുകയാണ്.

| | | |
|---|---|---|
| (ബി) | എങ്കിൽ കോർപ്പറേഷന്റെ ലാഭം കുത്തനെ കുറയാനുണ്ടായ കാരണങ്ങളെന്താണെന്ന് വ്യക്തമാക്കുമോ; | ബി) 2015-16-ലെ ലാഭം 2014-15 നെ അപേക്ഷിച്ച് കുറയുവാനുള്ള പ്രധാന കാരണം കോർപ്പറേഷന്റെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ (ഐ.എം.എഫ്.എൽ) മൊത്ത വ്യാപാരത്തിന്റെ പ്രോഫിറ്റ് മാർജിൻ 36%-ത്തിൽ നിന്നും 20% ആയി കുറഞ്ഞതിനാലാണ്. |
| സി) | കോർപ്പറേഷൻ സർക്കാരിന് നൽകിയിരുന്ന അഞ്ച് ശതമാനം വിറ്റുവരവ് നികുതിക്ക് തുല്യമായി മദ്യകമ്പനികളിൽ നിന്നും ഈടാക്കിയിരുന്ന നികുതി നിർത്തലാക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | സി) കോർപ്പറേഷന്റെ മൊത്ത വിൽപ്പനയിന്മേലുള്ള 5% ടേൺ ഓവർ ടാക്സ് സംസ്ഥാന ഖജനാവിൽ അടയ്ക്കുന്നത് ഇപ്പോഴും തുടരുന്നുണ്ട്. ഇത് കോർപ്പറേഷന്റെ ലാഭത്തിൽ നിന്നുമാണ് അടച്ചുവരുന്നത്. മദ്യവിതരണ കമ്പനിക്കാർ അടച്ചുകൊണ്ടിരിക്കുന്ന 5% ടേൺഓവർ ടാക്സ് അടയ്ക്കുന്നത് നിർത്തലാക്കിയിട്ടില്ലാത്തതും ഇപ്പോഴും തുടർന്നു വരുന്നതുമാണ്. |
| ഡി) | കോർപ്പറേഷനിൽ കണക്കുകൾ ക്രമീകരിക്കുന്നതിലും ഓഡിറ്റ് വിഭാഗം ആവശ്യപ്പെടുന്ന രേഖകൾ കൈമാറുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടോ; വെളിപ്പെടുത്താമോ; | ഡി) സി. & എ. ജി നിയമിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർ 2016-17 വർഷത്തെ കണക്കുകളുടെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. കോർപ്പറേഷന്റെ മൊത്തം ആസ്തി 1009 കോടി രൂപയിൽ കൂടുതലാണ്. കമ്പനി നിയമമനുസരിച്ച് 500 കോടി രൂപയ്ക്ക് മുകളിൽ മൊത്തം ആസ്തി വരുന്ന കമ്പനികൾ 2016-17 സാമ്പത്തിക വർഷം മുതൽ Indian Accounting Standard അനുസരിച്ചാണ് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കേണ്ടത്. കോർപ്പറേഷൻ ആദ്യമായാണ് ഇത്തരത്തിൽ Indian Accounting Standard അനുസരിച്ചുള്ള ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിവരുന്നത്. ഇപ്രകാരം Indian Accounting Standard അനുസരിച്ച് ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുമ്പോൾ 2014-15, 2015-16 എന്നീ മുൻവർഷങ്ങളിലെ കണക്കുകളും Indian Accounting Standard അനുസരിച്ച് വീണ്ടും തയ്യാറാക്കേണ്ടി വന്നു. |

| | | |
|---|---|---|
| | | എന്നിരുന്നാലും 2016-17 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത് 2018 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| **ഇ)** | കോർപ്പറേഷന്റെ അക്കൗണ്ടിംഗ് സംവിധാനം കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിലേക്ക് കൈമാറാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **ഇ)** കോർപ്പറേഷന്റെ മുഴുവൻ പ്രവൃത്തികളും ഉൾക്കൊളളിച്ചുകൊണ്ടുളള സമ്പൂർണ്ണ കമ്പ്യൂട്ടർ വത്ക്കരണം നടപ്പിലാക്കുന്നതിനു ആവശ്യമായ ഏജൻസികളെ കണ്ടെത്തുന്നതിനുളള നടപടികൾ പുരോഗമിച്ചുവരികയാണ് കോർപ്പറേഷൻ വിജ്ഞാപനം ചെയ്ത Expression of Interest (Supply and Implementation of ERP Solution) -നോടുളള പ്രതികരണമായി 13 ഏജൻസികൾ Expression of Interest തന്നിട്ടുണ്ട്. IIITM-K എന്ന ഗവൺമെന്റ് സ്ഥാപനം മേൽപ്പറഞ്ഞ 13 Expression of Interest-കളും പരിശോധിച്ച് അതിൽ നിന്നും 7 കമ്പനികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും Request for Proposal (RFP) അവർക്ക് നൽകിയിട്ടുമുണ്ട്. മേൽപ്പറഞ്ഞ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട കമ്പനികളുടെ pre bid മീറ്റിംഗ് താമസംവിനാ നടത്തി കമ്പ്യൂട്ടർ വത്കരണ നടപടി ത്വരിതപ്പെടുത്തുന്നതാണ്. |

Santhosh

**സെക്ഷൻ ഓഫീസർ**